<u>**15 -ാം കേരള നിയമസഭ**</u>

<u>**2 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 40**</u> <u>**22-07-2021 - ൽ മറുപടിയ്ക്ക്**</u>

<u>**മലപ്പുറം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള** | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി മുഖേന മലപ്പുറം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതികൾ വെളിപ്പെടുത്തുമോ; അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | കിഫ്ബി മുഖേന മലപ്പുറം നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. |
| (ബി) | പദ്ധതികൾ ഓരോന്നും സമയബന്ധിതമായി പൂർത്തീകരിക്കുവാനും ഗുണനിലവാരം ഉറപ്പുവരുത്തുവാനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ; | (ബി) | കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി.കൾക്കാണ്. അംഗീകരിച്ച പദ്ധതികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി.-കൾ സ്വീകരിച്ചു വരുന്നു. പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകൽ, പുരോഗതി സംബന്ധിച്ചുള്ള അവലോകന യോഗങ്ങൾ എന്നിവ കിഫ്ബി നിശ്ചിത ഇടവേളകളിൽ നടത്താറുണ്ട്. കൂടാതെ പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കിഫ്ബി പരിശോധനാ വിഭാഗം സ്ഥലം സന്ദർശിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കാലതാമസം ഒഴിവാക്കി പദ്ധതികൾ എത്രയും വേഗം നാടിനു സമർപ്പിക്കുവാൻ അടിയന്തര നിർദ്ദേശങ്ങൾ നൽകുമോ? | (സി) | പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായി കിഫ്ബി ക്രിയാത്മകനിർദ്ദേശങ്ങളും, സഹായവും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ